MR. K. KUNJUKRISHNA PILLAI (*Quilon*): Yes, it *is* effective in certain cases. But my point is that it cannot be substituted for the English system of medicine, as it is at present. For a very long time the Ayurveda system of medicine has not been developing. It has been stagnant as many other sciences in India. Government can do a great deal for the real development of the science, instead of opening a large number of *Vaidyasalas* here and there and distributing doles to *Vaidyans* of doubtful qualifications, by establishing a research laboratory. I am not prepared to concede that Government are encouraging Ayurveda when they give grants to a large number of *Vaidyans* in the State. There *are* enough *Vaidyans* throughout the State, sometimes getting grants which they do not deserve, going about, in many cases to the detriment of people who are suffering; and in many cases they are also giving help where it is impossible for the people to get expert medical advice of any other kind.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Is it because grants are given to undeserving people that my friend does not want to extend the system of grants-in-aid?

MR. K. KUNJUKRISHNA PILLAI (*Quilon*): Yes, certainly. I want to stress that point. I want to bring to the attention of the House and of the Government the fact that there are very many *Vaidyans* whose qualifications are doubtful and who bring a lot of discredit to Ayurveda. In the Medical Bill which is proposed.....

MR. A. NARAYANA PILLAI (*Vaikom*): ഇംഗ്ലീഷ് ചികിത്സയ്ക്ക് അതുപോലെ ഉപയോഗമില്ലേ?

MR. K. KUNJUKRISHNA PILLAI (*Quilon*): ഇംഗ്ലീഷ് ചികിത്സക്കുണ്ടാകുന്ന ഉപയോഗമുണ്ടാകാം. എന്നാൽ ഇതുമാത്രം ഉണ്ടാകയില്ല.

In the Medical Bill that is proposed to be brought into this House, I think, the *Ayurveda Vaidyans* should also be included and that they should also be made to obtain licenses so that competent men alone would be allowed to practice Ayurveda system. I think it would be a very great service done to Ayurveda if the practice of unqualified men which is a disgrace to the fair name of Ayurveda, is stopped.

MR. K. GOPALAKRISHNA PILLAI (*Parur*): What is the member's opinion as to the starting of a research department?

MR. K. KUNJUKRISHNA PILLAI (*Quilon*): I am entirely for that. I think that the most important and the most effective help Government

LIBRARY ARCHIVES Kerala Legislative Assembly

can do, in a country like Travancore where there is every possibility for research and where we have got a great tradition in Ayurveda, is to institute a Research Laboratory for Ayurveda. It will be a sound economic proposition also. Some of my friends who know about Ayurveda, have told me that Travancore is an ideal place for research in Ayurveda, and that it would be possible to make the industry self-supporting. I think a lot of difficulties have been got over by the member in charge of the Department pleading lack of funds. Government have had no hesitation in saying that is the most popular and inoffensive system of medicine. Government are prepared to concede that. They only say that they have not got sufficient funds. I think the attention of Government has not been drawn sufficiently seriously to the development of the department. That is the complaint that I want to make. They have not been able to choose a man who is capable of thinking about the development of the department. That is the opinion which we have to express strongly. The department suffers for want of development. If Government were serious they could, with the small amount available, do much for its development. By the judicious utilisation of the limited resources, Government can do much. But they have not done that. I want an answer on that point.

MR. P. VISVANATHA AIYAR (*Secretary to Government*): Sir, I can only say that the suggestions of the members will be carefully considered by Government and what is possible will be done.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): What about having a departmental head?

MR. P. VISVANATHA AIYAR (*Secretary to Government*): We have not been able to procure the services of a proper Director. That accounts for the Inspector continuing to be in charge of the department from 1104 to 1107. We have just bifurcated the department and put the Inspector in charge of the *Vydiasalas* and the Principal in charge of the College and Pharmacy.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): But, that is only a temporary arrangement?

MR. P. VISVANATHA AIYAR (*Secretary to Government*): Yes, it is only a temporary arrangement.

It is only three months since the arrangement was made; and Government will wait and see how it works.

MR. N. K. KRISHNA PILLAI (*Neyyattinkara*). Was there not an officer available—I mean Mr. A. N. N. Panikkar who was qualified both in allopathy and in *Ayurveda*?

MR. P. VISVANATHA AIYAR (*Secretary to Government*): I think he has gone away to Ceylon.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Have the Government made any attempt to secure an efficient hand?

MR. P. VISVANATHA AIYAR (*Secretary to Government*): I cannot say now.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Will any appointment be made if a proper hand is available.

MR. P. VISVANATHA AIYAR (*Secretary to Government*): We have just made this arrangement; let us see how it works.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The Secretary said that this was temporary.

MR. P. VISVANATHA AIYAR (*Secretary to Government*): It was started only in Meenam 1107.

MR. K. KUNJUKRISHNA PILLAI (*Quilon*): Are the Government experimenting on it?

MR. P. VISVANATHA AIYAR (*Secretary to Government*): The Inspector and the Principal were in the department already; and they have been put in charge as a temporary measure.

MR. N. K. KRISHNA PILLAI (*Neyyattinkara*): May I know who is the present head of the Department of Ayurveda?

MR. P. VISVANATHA AIYAR (*Secretary to Government*): The *Vydiasalas* in the town and in the mofussil are under the Inspector, and the College and the Pharmacy are under the Principal.

MR. K. P. MADHAVAN PILLAI (*Shertallai*): Are the functions of these two officers co-ordinate?

MR. P. VISVANATHA AIYAR (*Secretary to Government*): Yes.

MR. A S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, the member in charge was stating that this was only a temporary arrangement. At the same time he wants to try whether this temporary arrangement could be made permanent. I was trying to impress upon this House and the Government the necessity to have a proper man as the head of the department; one who could influence the Government to do more for the development of the department. That has not been conceded. The member has not even promised that it would be considered.

He wants to wait for some time to see how this temporary arrangement will work. The difficulties due to the absence of a proper head of the department has been amply shown in one matter. Two years back I asked Government whether grant-in-aid and recognition had been given to certain schools in the State. I was then told that certain rules were being drafted. I asked them again, now, and they say that even now the rules are not ready. This is because no particular individual is in charge of the department so that he would be bound to do these things in time. Unless the Secretary assures this House that the Department would be placed in charge of a separate head and that the College and the Hospital would receive better consideration, I think I should have to press the motion.

MR. P. VISVANATHA AIYAR (*Secretary to Government*): The Directorship is now held in abeyance. That is the Government Order.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): What is the object with which it is held in abeyance and how long is it to be held in abeyance?

LIBRARY ARCHIVES Kerala Legislative Assembly

MR. P. VISVANATHA AIYAR (*Secretary to Government*) : Till we get a proper man it will be held in abeyance.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : When do they hope to get a proper man ?

MR. P. VISVANATHA AIYAR (*Secretary to Government*) : The member's suggestion, about the appointment of a proper man, will be considered.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Are the Government convinced that a proper head is necessary ?

MR. P. VISVANATHA AIYAR (*Secretary to Government*) : It is rather difficult to answer that off hand now.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*) : What does the member mean by saying that the Directorship is being held in abeyance ?

MR. P. VISVANATHA AIYAR (*Secretary to Government*) : That is the order.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*) : What are we to understand thereby ?

MR. P. VISVANATHA AIYAR (*Secretary to Government*) : Until a suitable man is appointed, the Directorship will be held in abeyance. I am not in a position to give any more assurance.

MR. K.P. KOCHUKORA TARAKAN (*Kunnatnad*) : അതിന്റെ കാലാവധി എത്ര വരെ എന്നു പറയാൻ നിവൃത്തിയില്ലേ? ഇനി ഒരാൾ ജനിക്കുന്ന കാലം വരെ ഇങ്ങനെ നടക്കണമെന്നാണോ ?

MR. P. VISVANATHA AIYAR (*Secretary to Government*) : അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I press the motion.

PRESIDENT : It seems obvious from what the Secretary has stated that Government are prepared to consider the matter, and that, if a proper man is found, the office of the Director, now held in abeyance would be restored. Naturally, the official member cannot say, on the spur of the moment, what Government intend to do.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I am asking the Government and not the member personally.

PRESIDENT : Do you press your motion ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : I do not press the motion, in the light of the observation from the Chair.

The motion was, by leave withdrawn.

Motions Nos. 230 to 235.

The following motions were not made :

MR. K. KUNJUKRISHNA PILLAI :

To reduce the allotment of Rs. 29,470 for the Department of Ayurveda by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

MR. A. NARAYANA PILLAI :
To reduce the allotment of Rs. 29,470 for the Department of Ayurveda by Re. 1.

MR. M. P. MADHAVAN PILLAI :
To reduce the allotment of Rs. 29,470 for the Department of Ayurveda by Re. 1.

MR. N. K. KRISHNA PILLAI :
To reduce the allotment of Rs. 29,470 for the Department of Ayurveda by Re. 1.

MR K. C. CHANDI :
To reduce the allotment of Rs. 29,470 for the Department of Ayurveda by Rs. 5.

MR. K. KRISHNAN NAYAR
To reduce the allotment of Rs. 29,470 for the Department of Ayurveda by Rs. 10.

Motion No. 236.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : സാനിട്ടറി കമ്മിഷണരുടെ എസ്റ്റാബ്ളിഷ്മെൻറ് വകയ്ക്കുള്ള ൪൦൯൦ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. സാനിട്ടറി കമ്മിഷണരുടെ ഭരണനയത്തെ വിമർശിക്കണമെന്നാണു ഞാൻ ഇതുകൊണ്ടുദ്ദേശിക്കുന്നതു്. കമ്മിഷണരുടെ ഭരണവൈകല്യംകൊണ്ടു്, സാംക്രമികരോഗങ്ങൾ രാജ്യത്തു വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലങ്ങളിൽ അതിനു ഉടനടി വേണ്ട പരിഹാരം വരുത്താൻ, ഈ ഡിപ്പാർട്ടുമെൻറു് അപ്രാപ്തമായിട്ടാണു തീർന്നിരിക്കുന്നതു്. സാനിട്ടറി ഡിപ്പാർട്ടുമെൻറും മെഡിക്കൽ വകുപ്പും ഇങ്ങനെ ആക്കുമാക്കും ചുമതലയില്ലാത്തവണ്ണം അനാഥമായി തീർന്നിരിക്കുന്നതുകൊണ്ടു രാജ്യത്തു സാംക്രമികരോഗങ്ങൾ വർദ്ധിച്ചുവരികയാണു ചെയ്യുന്നതു്. എന്നാൽ സാംക്രമികരോഗനിവാരണത്തിനായി പ്രവർത്തിക്കേണ്ട സാനിട്ടറി ഡിപ്പാർട്ടുമെൻറുകാർ അവരുടെ ജോലി ശരിയായി ചെയ്തിരുന്നുവെങ്കിൽ ജനങ്ങൾക്കു ഒരു വിധം രക്ഷ കിട്ടുമായിരുന്നു. വാക്സിനേഷൻ ശരിയായി നടത്തുന്നില്ല. വാക്സിനേറ്റർമാർക്കു നല്ല ശമ്പളമുണ്ടെങ്കിലും അവർ കൃത്രിമമായ കണക്കുണ്ടാക്കി സാനിട്ടറി ഇൻസ്പെക്ടർമാരെ കാണിച്ചു അവർ ജോലിചെയ്യുന്നു എന്നു വരുത്തുകയാണു ചെയ്യുന്നതു്.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): വാക്സിനേഷൻ ശരിയായി നടത്തുന്നില്ലെന്നു മെമ്പർ പറഞ്ഞല്ലൊ. അതിലേക്കു വല്ല റിക്കാർഡുമുണ്ടൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : റിക്കാർഡെല്ലാം ഗവണ്മെൻറിൻെറ കൈവശമാണു്. ഞാൻ ജനങ്ങളുടെ അനുഭവം വച്ചുകൊണ്ടാണു പറയുന്നതു്. ഫ ഫ താലൂക്കിലെ പട്ടണ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലുള്ളവർ തിരഞ്ഞെടുത്ത പ്രതിനിധിയാണു ഞാൻ. എനിക്കു ആ പട്ടണങ്ങളിലെ സ്ഥിതി നല്ലവണ്ണം അറിയാം. പട്ടണങ്ങളിലാണു വാക്സിനേറ്റർമാർ ശരിയായി ജോലിചെയ്യുണ്ടതു്. എന്നാൽ അവിടെ മിക്കവാറുംഅവരെ കാണുന്നുപോലുമില്ല.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): അതുകൊണ്ടു വാക്സിനേഷൻ ശരിയായി നടത്തുന്നില്ലെന്നാണൊ മെമ്പർ പറയുന്നതു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : വാക്സിനേഷൻ ശരിയായി നടത്തുന്നില്ല.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*) : വാക്സിനേഷൻ ശരിയായി നടത്തുന്നില്ലെന്നുള്ളതു മെമ്പക്കു എങ്ങിനെ കിട്ടിയ അറിവാണു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : വാക്സിനേഷൻ ശരിയായി നടക്കുന്നില്ലെന്നു എനിക്കു നല്ല ബോദ്ധ്യമുണ്ടു്; അതെങ്ങനെയാണെന്നു നിങ്ങളെ ധരിപ്പിക്കാൻ സാധിക്കുകയില്ല.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): ബോദ്ധ്യമല്ലാതെ അതിലേക്കു തെളിവൊന്നുമില്ലല്ലൊ.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : അതു സംബന്ധിച്ചുള്ള റിക്കാർഡുകളെല്ലാം ഗവണ്മെൻറിന്റെ കൈവശമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*) : റിക്കാർഡുകൊണ്ടു തെളിയിക്കാൻ സാധിക്കുകയില്ലെന്നാണൊ മെമ്പർ പറയുന്നതു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : നിങ്ങളോടു വാദിച്ചു സമയം കളയുവാൻ ഞാൻ തയ്യാറില്ല. ഈ വകപ്പുകൊണ്ടു ദോഷമല്ലാതെ ഒരു ഗുണവുമില്ലെന്നുള്ളതു എല്ലാവർക്കും പരക്കെ അറിയാവുന്ന ഒരു സംഗതിയാണു്. അതിനാൽ ഈ വകുപ്പു് നിർദ്ദോഷം നിറുത്തണമെന്നതന്നെയാണു ഞാൻ പറയുന്നതു്.

ഈ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗനിയമനവിഷയത്തിൽ നടക്കുന്ന അഴിമതി വളരെ ഭയങ്കരമാണു്. ക്രിസ്ത്യാനി ഉദ്യോഗങ്ങളുള്ള ഈ വകുപ്പിൽ ൪൫ ഉദ്യോഗങ്ങൾ കത്തോലിക്കരല്ലാത്ത ക്രിസ്ത്യാനികൾക്കുണ്ടു്. നായന്മാർക്കു ൫൫ ഉദ്യോഗങ്ങളുണ്ടു്. Other Hindus ക്രമം ഉണ്ടു്. എന്നാൽ കത്തോലിക്കു് ക്രിസ്ത്യാനികൾക്കു മൂന്നുദ്യോഗം മാത്രമെയുള്ളു. ഈ വകുപ്പിന്റെ മേലദ്ധ്യക്ഷൻ ഒരു ക്രിസ്ത്യാനിയാണെങ്കിലും അനീതി പ്രവർത്തിച്ചാൽ അതു അനീതിയാണെന്നു പറയാതെ തരമില്ല.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*) : യോഗ്യതയുള്ള കത്തോലിക്കർ എത്രപേർ ഉദ്യോഗത്തിനപേക്ഷിച്ചിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*) യോഗ്യതയുള്ള ധാരാളംപേർ അപേക്ഷിച്ചിട്ടുണ്ട്. ഞാൻ ഇവിടെ പറയുന്നതു ₹ 8 രൂപായ്ക്കുമേൽ ₹ 8 0 രൂപായ്ക്കുമുള്ള ഉദ്യോഗങ്ങളെ സംബന്ധിച്ചാണു്. ഇതിൽ ക്ലാക്കുകളും മറ്റും ഉൾപ്പെട്ടും; അതുകൊണ്ടു കത്തോലിക്കരിൽനിന്നും യോഗ്യതയുള്ളവർ അപേക്ഷിച്ചിട്ടില്ലെന്നു പറയുവാൻ തരമില്ല. കത്തോലിക്കരല്ലാത്ത ക്രസ്ത്യാനികൾക്കു ഉദ്യോഗമുള്ളപ്പോൾ അതിനെക്കാൾ എത്രയോ വമ്പിച്ച ഒരു ജനവിഭാഗമായ കത്തോലിക്കർക്കു മൂന്നുദ്യോഗങ്ങളെയുള്ളൂ. ഇതു ജാക്കബയിറ്റ് ക്രസ്ത്യാനി ചെയ്താലും, മാത്തോമ്മാ ക്രസ്ത്യാനി ചെയ്താലും അനീതി അനീതി തന്നെയാണു്. ഈ സ്റ്റേറ്റുമെൻറിൽനിന്നും ഞാൻ പറയുന്നതു അക്ഷരംപ്രതി വാസ്തവമാണെന്നു ബോദ്ധ്യപ്പെടും. അതു വെളിപ്പെടുത്തുന്നതിനു ഞാൻ തയ്യാറുമാണു്; നിങ്ങളുടെ ചോദ്യങ്ങൾകൊണ്ടൊന്നും ഞാൻ വ്യതിചലിക്കയില്ല. ഞാൻ ഇവിടെ ആവശ്യപ്പെടുന്നതു് "Truth and Justice" (സത്യവും നീതിയും) മാത്രമാണു്; നമ്മുടെ രാജ്യത്തിൻറെ സൽകീർത്തിയെയും ജനങ്ങളുടെ ക്ഷേമത്തെയും പരിരക്ഷിക്കാനുള്ള ഒരു മാർഗ്ഗമാണു ഇവിടെ ആവശ്യപ്പെടുന്നതു്. ഈ ഡിപ്പാർട്ടുമെൻറിൽ നിയമനവിഷയത്തിൽ നീതി നടക്കുന്നില്ല. അതു ഗവണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാകുന്നു ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു്.

MR. N. JOHN JOSEPH (*Nominated*): കത്തോലിക്കർ ഒരു വമ്പിച്ച വിഭാഗമാണെന്നു മെമ്പർ പറഞ്ഞുവല്ലൊ. കത്തോലിക്കരായി പരിവർത്തനംചെയ്തിട്ടുള്ള അധഃകൃതരുടെ സംഖ്യാബലംകൂടി കൂട്ടിയല്ലേ മെമ്പർ പറയുന്നതു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അകത്തോലിക്കർഎന്നു ഞാൻ പറഞ്ഞതും അധഃകൃതരുടെ സംഖ്യാബലംകൂടി കൂട്ടിയാണു്.

MR. N. JOHN JOSEPH (*Nominated*): കത്തോലിക്കരായി മതപരിവർത്തനം ചെയ്തിട്ടുള്ള അധഃകൃതർ സാനിട്ടറി ഡിപ്പാർട്ടുമെൻറിൽ ധാരാളമുണ്ടെന്നു മെമ്പർക്കറിയാമൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): എനിക്കിവിടെ കിട്ടിയിട്ടുള്ള കണക്കിൽ കത്തോലിക്കർ മൂന്നുപേരെയുള്ളൂ എന്നാണു പറഞ്ഞിരിക്കുന്നതു്.

MR. K. KUNJUKRISHNA PILLAI (*Quilon*): "ഏയോമയം" എന്നുപറയുന്ന ക്രൂരർ ക്രസ്ത്യാനികളാണൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : കുസ്തൃാനികളാണെന്നാണു വയ്പു്. എനിക്കവരെപ്പറ്റി അറിഞ്ഞുകൂടാ.

ഈ പട്ടികയിൽ സിറിയൻ കാത്തലിക്കനായിരുളിനെ മാത്രമെ കാണുന്നുള്ളൂ. വിദേശ്യന്മാരുടെ നിയമനത്തെപ്പറ്റി ഞാൻ പറയുന്നില്ല

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): ലാറ്റിൻ റൈറ്റു കത്തോലിക്കരെ കത്തോലിക്കരായിട്ടു വകവയ്ക്കാറുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഉണ്ടു്. അതിലും രണ്ടുപേരെയുള്ളൂ.

MR. P. VISVANATHA AIYAR (*Secretary to Government*) : മെമ്പർ വായിച്ച ലിസ്റ്റ് എത്ര രൂപാ ശമ്പളക്കാരുടെ ലിസ്റ്റാണു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഇതു ഗവണ്മെൻറിൽനിന്നും തന്ന ഒരു പട്ടികയാണു്. ൧൫ രൂപായ്ക്കു മേൽ ശമ്പളമുള്ളവരുടെ വിവരമാണ് ഇതിൽ പറഞ്ഞിട്ടുള്ളതു്.

ഈ മാതിരി ഉദ്യോഗനിയമനവിഷയത്തിൽ പ്രവർത്തിക്കുന്ന അനീതി ഗവണ്മെൻറു കണ്ണുമടച്ചു നോക്കിക്കൊണ്ടിരിക്കുന്നതു കഷ്ടാൽ കഷ്ടതരമാണു. ഇതെയും പ്രതിവാദിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. K. P. KOCHU KORA TARAKAN (*Kunnatnad*) : അകത്തോലിക്കർക്കു ഈ ഡിപ്പാർട്ടുമെൻറിൽ ശരിയായ പ്രാതിനിധ്യം കിട്ടിയിട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : അകത്തോലിക്കർക്കു എത്ര ഉദ്യോഗങ്ങളുണ്ടെന്നു ഞാൻ ഇവിടെ വായിച്ചു കഴിഞ്ഞു.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ജേക്കബൈയിറ്റ് കുസ്തൃാനികർ എത്രയുണ്ടു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ജേക്കബൈയിറ്റ് കത്തോലിക്കർ ഈ സമുദായങ്ങൾക്കെല്ലാംകൂടി ആകെ ൩൭ ഉദ്യോഗമെയുള്ളൂ.

MR. K. KUNJUKRISHNA PILLAI (*Quilon*): ൭൭ൽ. ൭൭ം. ൭൭സ്. കുസ്തൃാനികർ എത്രയുണ്ടു്?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതു തരിച്ചുപറഞ്ഞിട്ടുണ്ടു, വ്യത്യാസമുണ്ടു.

MR. N. JOHN JOSEPH (*Nominated*): അധഃകൃതരെത്രയുണ്ടെന്നു തിരിച്ചുപറഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പ്രത്യേകം തിരിച്ചുപറഞ്ഞിട്ടില്ല; എല്ലാം ഇതിൽ ഉൾപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): മെമ്പർ പറയുന്നത് റോമൻകത്തോലിക്കരെ ഉദ്ദേശിച്ചാണോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഞാൻ ലാറ്റിൻകത്തോലിക്കരെയും സിറിയൻകത്തോലിക്കരെയും ജേക്കബായിറ്റിനെയുമുദ്ദേശിച്ചാണ് പറയുന്നത്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): അകത്തോലിക്കരിൽ ജേക്കബായിറ്റ് സമുദായത്തെ പ്രത്യേകം കാണിച്ചിട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മെമ്പർ ഉൾപ്പെടുന്ന ജേക്കബായിറ്റ് സമുദായത്തെ പ്രത്യേകമായി കാണിച്ചിട്ടുണ്ട്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): റോമൻകത്തോലിക്കരല്ലാത്തവർ എന്നുള്ളതിൽ ജേക്കബായിറ്റ് എന്നുപ്രത്യേകം ചേർക്കുന്നതുകൊണ്ടു തരക്കേടുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതു ഗവണ്മെൻറാണ് ചേർക്കേണ്ടതു്. അതുവേണ്ടതാണ്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ആ പദം ചേർക്കുന്നതു മെമ്പർക്കുസമ്മതമാണൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): എനിക്കതുകൊണ്ടു യാതൊരുവിരോധവുമില്ല. ജനഹിതമനുസരിച്ചു കാര്യങ്ങൾ നടക്കണമെന്നുള്ള വിചാരക്കാരനാണു ഞാൻ. അതുകൊണ്ടു അവരെ ബഹുമാനമായ പദംകൊണ്ടുതന്നെ നിർദ്ദേശിക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്.

MR. N. JOHN JOSEPH (*Nominated*): അധഃകൃതരുടെയിടയിൽ നിന്നും ക്രിസ്ത്യാനികളായി ചേർന്നിട്ടുള്ള കത്തോലിക്കരും മറു കത്തോലിക്കാ ക്രിസ്ത്യാനികളും തമ്മിൽ വിവാഹബന്ധം നടപ്പില്ലെന്നു മെമ്പർക്കറിയാമൊ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതിവിടെ പറയേണ്ട ആവശ്യമില്ല. ഉദ്യോഗനിയമനവിഷയം സാമുദായികമായ മറുവിഷയവുമായിട്ടു യാതൊരു സംബന്ധവുമുള്ളതല്ല.

MR. N. JOHN JOSEPH (*Nominated*): സാമൂഹ്യപരമായി പിന്നോക്കം നില്ക്കുന്ന അധഃകൃതവർഗ്ഗത്തിലുൾപ്പെട്ട ക്രിസ്ത്യാനികളുടെ സംഖ്യാബലത്തെക്കുടി ക്രുട്ടിപറഞ്ഞു അവരുടെ പങ്കുകൂടി എടുത്തുകൊള്ളാമെന്നാണൊ മെമ്പർ വിചാരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Your time is up, Mr. Kunjittomman.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): സർ, മി. കുഞ്ഞിത്തൊമ്മന്റെ അഭിപ്രായത്തെ ഞാൻ ശക്തിയുക്തം പ്രതിഷേധിക്കയും അദ്ദേഹം ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ എതിർക്കയും ചെയ്തുകൊള്ളുന്നു. വിമർശനവേളയിൽ ഗുണവശങ്ങളെ അശേഷം ഗണിക്കാതെയുള്ള വിമർശ്ശങ്ങൾ അക്ഷന്തവ്യമായ ഒന്നാണെന്നുള്ളതു ലോകമാസകലം സമ്മതിച്ചിട്ടുള്ള ഒന്നാണ്. ഗുണദോഷസമ്മിശ്രമായിട്ടല്ലാതെ ഗുണംമാത്രമൊ അല്ലെങ്കിൽ ദോഷംമാത്രമൊ ഉള്ളതായകാഴ്ച്ചകൾ യാതൊന്നുംതന്നെയില്ല. ഏതൊരുവകുപ്പിനെപ്പറ്റിയും വിമർശിക്കുമ്പോൾ ആവകുപ്പു എതുതയും ദോഷമിശ്രമാണെന്നൊ അല്ലെങ്കിൽ ദോഷപരിപൂർണ്ണമാണെന്നൊ അല്ലാതെ ഗുണ...

MR. TARIATU KUNJITOMMAN (*Commerce and Industry, North*): "ദോഷസമ്മിശ്രം", എന്നു പറഞ്ഞാൽ ഗുണംകൂടി ഉണ്ടെന്നല്ലെ അർത്ഥം?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): സാനിട്ടറി ഡിപ്പാർട്ടുമെൻറിനെപ്പറ്റി ഇവിടെചെയ്തവിമർശ്ശനത്തിൽ അതിന്റെ മേലദ്ധ്യക്ഷന്റെ.....

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഒരുവകുപ്പിനെപ്പറ്റി വിമർശ്ശിക്കുമ്പോൾ ആവകുപ്പിന്റെ മേലദ്ധ്യക്ഷന്റെ ഭരണ ശൈഥില്യത്തെപ്പറയാതെതരമില്ലല്ലൊ.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): സാനിട്ടറി വകുപ്പിന്റെ പ്രവർത്തനം അല്ലെങ്കിൽ ഭരണനയം ആരോഗമായജീവിതത്തിന്റെ വളർച്ചക്കു അശേഷം പറ്റിയതല്ല, പ്രത്യുത ദോഷത്തെ പ്രദാനം ചെയ്യുകയാണ് ചെയ്യുന്നതു് എന്നാണ് മെമ്പർപറഞ്ഞതു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഗുണമില്ല എന്നുപറയുമ്പോൾ ഗവണ്മെൻറു വ്യയം അസ്ഥാനത്തിലായില്ലെ?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): ഗുണത്തെ പ്രദാനം ചെയ്യാൻ ഈ ഡിപ്പാർട്ടുമെൻറിനു സാധിക്കുന്നില്ല; ദോഷത്തെയാണു പ്രദാനംചെയ്യുന്നതു എന്നുപറഞ്ഞു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതു ശരിയാണു.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): ഉദാഹരണമായി ഇവിടെ വാക്സിനേഷൻ ശരിയായി നടത്തുന്നില്ലഎന്നു പറഞ്ഞു. അങ്ങനെ പറയുന്നതിനു വല്ലറിക്കാർഡും ഉണ്ടൊഎന്നു ചോദിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Kocheeppan Mappillai]

മി: കുഞ്ഞിത്തൊമ്മൻ അതു അദ്ദേഹത്തിനു ബോദ്ധ്യമായിട്ടുള്ളതിൽനിന്നും പറയുകയാണെന്നാണു പറഞ്ഞതു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): വാക്സിനേഷന്റെ റിക്കാർഡുകളെല്ലാം ഗവണ്മെൻറിന്റെ കൈവശമാണെന്നറിയാമൊ?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): സാംക്രമികരോഗങ്ങളെ ഉൻമൂലനം ചെയ്യുന്ന ഒരു പദ്ധതി മറുരാജ്യങ്ങളെ അപേക്ഷിച്ചു ഭംഗിയായി ഇവിടെ നടത്തിവരുന്നുണ്ടെന്നു റിപ്പോർട്ടുകൊണ്ടുകാണാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറു റിപ്പോർട്ടിൽ ആഡിപ്പാർട്ടുമെൻറു ശരിയായി വേലചെയ്തിട്ടില്ലെന്നു രേഖപ്പെടുത്താറുണ്ടൊ?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): അവിചാരിതമായി ഇവിടെ വന്നിട്ടുള്ള ഒരു സാംക്രമികരോഗമാണു പ്ലേഗ്. അതു വ്യാപിക്കാതെ തടഞ്ഞുനിറുത്തിയിട്ടുള്ളതു സാനിട്ടറി ഡിപ്പാർട്ടുമെൻറുകാരാണെന്നും അവരുടെ ശ്രമം സഫലമായി തീർന്നിട്ടുണ്ടെന്നും റിപ്പോർട്ടുകൊണ്ടുകാണാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പ്ലേഗ് എവിടെയെല്ലാം വ്യാപിക്കാൻ തുടങ്ങിയൊ അവിടെയെല്ലാം ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസറും പോയിട്ടുണ്ടെന്നു മെമ്പക്കറിയാമൊ?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): മെഡിക്കലാഫീസർ ഇതിൽ നിരുത്തരവാദിയാണെന്നൊ അല്ലെങ്കിൽ പ്ലേഗ് രോഗബാധിതമായ സ്ഥലങ്ങളും അദ്ദേഹം സന്ദർശിക്കാൻ പാടില്ലെന്നൊ ഞാൻ പറയുന്നില്ല. എന്നാൽ ഈ വിഷയത്തിൽ—പരോക്ഷമല്ല—പ്രത്യക്ഷമായ ഉത്തരവാദിത്വം സാനിട്ടറികമ്മീഷണക്കാണുള്ളതെന്നുള്ള സംഗതി ആരും തന്നെ വിസ്മരിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ പ്രവൃത്തിനിമിത്തം എന്തുമാത്രം രക്ഷകിട്ടിയിട്ടുണ്ടെന്നു റിപ്പോർട്ടുകൊണ്ടുകാണാം. ഇങ്ങനെ ഒക്കെ വേലചെയ്യുന്ന ഒരു ഡിപ്പാർട്ടുമെൻറു നിഷ്പ്രയോജനമാണെന്നു പറയുന്നതു് കഷ്ടമാണു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): കടലാസിൽ കാണുന്നതു ശരിയല്ല എന്നുപറഞ്ഞു ദോഷഭാഗങ്ങളെ പൂണ്ടിക്കാണിക്കയാണു ചെയ്തതു് എന്നറിയാമൊ?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): യഥാർത്ഥത്തിൽ ദോഷമില്ലെങ്കിലും ആ ഡിപ്പാർട്ടുമെൻറിലെ മേലധികാരി ഒന്നുസമുദാ

LIBRARY ARCHIVES Kerala Legislative Assembly

യത്തിൽ പെട്ടവനാകുമ്പോൾ, ദോഷമുണ്ടെന്നു കണ്ടുപിടിക്കാനിടയുണ്ടാകുന്ന നയം ഒരിക്കലും ശരിയല്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഏതു ഡിപ്പാർട്ടുമെന്റിലെയും ദോഷഭാഗങ്ങളെ കണ്ടുപിടിക്കാനിടയുണ്ടാകുന്നതിനു എപ്പോഴും ഞാൻ തയാറായിരുന്നിട്ടുണ്ടെന്നറിയാമോ?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): വിമർശനം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം മെമ്പറെപ്പോലെതന്നെ മറ്റുള്ള മെമ്പർമാർക്കും ഉണ്ട്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അക്രമങ്ങളെയും അനീതിയെയും വെളിപ്പെടുത്തേണ്ട കടമ ജനപ്രതിനിധികൾക്കെല്ലാമുണ്ട്.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): എന്തായും ലജ്ജാപൂർവമായ ഈ ഉപക്ഷേപത്തെ ഞാൻ പ്രതിഷേധിച്ചുകൊള്ളുന്നു.

MR. P. S. MAHOMED (*Nominated*): സർ, ഞാൻ മി. കുഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ അനുകൂലിക്കയാണു ചെയ്യുന്നതു. എന്നാൽ ഞാൻ അനുകൂലിക്കുന്നതു സാനിട്ടറി ഡിപ്പാർട്ടുമെന്റു ഉപയോഗമില്ലാത്തതാണെന്നോ അല്ലെങ്കിൽ സാനിട്ടറി കമ്മീഷണർ അദ്ദേഹത്താൽ കഴിയുന്നിടത്തോളമുള്ള ജോലികൾ ചെയ്യുന്നില്ലെന്നോ പ്രസ്താവിക്കാനല്ല എന്നു ആദ്യമേതന്നെ പറഞ്ഞുകൊള്ളട്ടെ. എന്നാൽ ഈഡിപ്പാർട്ടുമെന്റു ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമാകത്തക്ക നിലയിലല്ല സ്ഥിതിചെയ്യുന്നതെന്നു എനിക്കു പറയുവാൻ കഴിയും. ഗവണ്മെന്റുവേണ്ട ആനുകൂല്യങ്ങൾ ചെയ്യാത്തതുകൊണ്ടാണു് ഈ ഡിപ്പാർട്ടുമെന്റു കൂടുതൽ പ്രയോജനകരമായി ഭവിക്കാത്തതു്. പലസ്ഥലത്തും ജനങ്ങളുടെ രക്ഷയെ സംബന്ധിച്ചുള്ള വേലകൾ ചെയ്യുന്നതിനായി സാനിട്ടറി കമ്മിഷണർ ഓടി എത്തുന്നുണ്ടെന്നുള്ള സംഗതി എനിക്കുതന്നെ അനുഭവമുള്ള ഒന്നാണു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അദ്ദേഹം അയച്ചിട്ടുള്ള റിപ്പോർട്ടു അനുസരിച്ചു ഗവണ്മെന്റു പ്രവർത്തിക്കുന്നില്ല. അതിനാൽ, സാനിട്ടറി ഡിപ്പാർട്ടുമെന്റു ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമായി ഭവിക്കാത്തതു അതിന്റെ മേധാവിയുടെ ഭരണദൗഷ്യം കൊണ്ടാണെന്നു ഒരിക്കലും പറയാൻ തരമില്ല. നേരെമറിച്ചു അദ്ദേഹത്തിനു അദ്ദേഹത്തിന്റെ ജോലിയെ സംബന്ധിച്ചു വേണ്ട പ്രോത്സാഹനം ഗവണ്മെന്റിൽനിന്നും സിദ്ധിക്കാത്തതാണു് ഇതിനുകാരണം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed]

ഉദ്യോഗനിയമനവിഷയത്തെ സംബന്ധിച്ചു. എനിക്കല്പം പറയേണ്ടതായിട്ടുണ്ട്. ഈ വിഷയത്തിൽ ആരുതന്നെയായിരുന്നാലും, അധമ്മം പ്രവർത്തിച്ചാൽ അതു അധമ്മമാണെന്നതന്നെ പറയണം. ഈ ഡിപ്പാർട്ടുമെന്റിൽ നടക്കുന്നനിയമനം മി: കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ അനീതിപരമാണെന്നു പറയാതെ തരമില്ല. ഈ വിഷയത്തിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം. ഇതുയും പ്രസ്താവിച്ചുകൊണ്ടും മി: കുഞ്ഞിത്തൊമ്മൻ പറഞ്ഞ മറു കാര്യങ്ങളെ പ്രതിഷേധിച്ചുകൊണ്ടും ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): സർ, ഞാനും ഈ ഉപേക്ഷപത്തെ അനുകൂലിക്കുന്നു. വാക്സിനേഷനെസംബന്ധിച്ചു മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞിട്ടുള്ളതു അക്ഷരംപ്രതി വാസ്തവമാണു്. എന്റെതാമസസ്ഥലത്തിനു അരമൈൽ അകലെ ഒരു വീട്ടിൽ മസൂരി ഉണ്ടായി. അവിടെ വാക്സിനേഷൻ നടത്തണമെന്നു ഞാൻ വാക്സിനേറ്ററോടും പെരുമ്പാവൂർ സാനിട്ടറി ഇൻസ്പെക്ടരോടും രണ്ടുതവണ ആവശ്യപ്പെട്ടു. ഞാൻ ആവശ്യപ്പെട്ടു് 2 ദിവസം കഴിഞ്ഞിട്ടാണു് അദ്ദേഹം അവിടെ വന്നതു്. അദ്ദേഹം വന്നുനോക്കിയപ്പോൾ മസൂരിവന്നയാൾക്കു സുഖമായികുളിച്ചുവാക്സിനേഷൻക്രടാതെ പോവുകയും ചെയ്തു. ഇങ്ങനെയുള്ളവാക്സിനേറ്റർമാരെക്കൊണ്ടോ അല്ലെങ്കിൽ സാനിട്ടറി ഡിപ്പാർട്ടുമെൻറുകൊണ്ടോ എന്താണു പ്രയോജനം. ഇതുപോലെ മറു പല സ്ഥലങ്ങളിലും വാക്സിനേറ്ററെ വിളിച്ചിട്ടു പോയിട്ടില്ല എന്നെനിക്കറിയാം. അതിനാൽ മി. കൊച്ചീപ്പൻമാപ്പിള പറഞ്ഞതുപോലെ വാക്സിനേഷൻ ശരിയായി നടത്തുന്നു എന്നുള്ളതു വിശ്വസിക്കാൻ എന്റെ അനുഭവം സമ്മതിക്കുന്നില്ല.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): വാക്സിനേഷൻ ശരിയായി നടത്തുന്നില്ല എന്നുള്ളതിനു കണക്കുണ്ടോ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഞാൻതന്നെ വാക്സിനേറ്ററെ കുത്തിവയ്ക്കാൻ വിളിച്ചിട്ടു് 2-ാംദിവസമാണു വാക്സിനേറ്റർ വന്നതു്.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): വാക്സിനേറ്റർ മസൂരിയുള്ള സ്ഥലത്തുപോയി കുത്തിവയ്ക്കണമെന്നു നാലുപ്രാവശ്യം പറഞ്ഞിട്ടും കുത്തിവയ്ക്കേണ്ടആവശ്യമില്ലെന്നു അവിടത്തെ ജനങ്ങൾ പറഞ്ഞിട്ടുള്ളതായി മെമ്പർക്കറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഞാൻ എന്റെ അനുഭവത്തിൽനിന്നുമാണു പറയുന്നതു്. ചില സ്ഥലങ്ങളിൽ അങ്ങനെ ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ അന്വേഷിച്ചു നോക്കിയിട്ടില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): വാക്സിനേറ്റർ വിളിച്ചിട്ടുവന്നില്ല എന്നു പറഞ്ഞല്ലൊ. അതിനെ സംബന്ധിച്ചു സാനിട്ടറികമ്മീഷണക്കെഴുതി അയച്ചിട്ടുണ്ടോ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ഇല്ല. എഴുതി അയച്ചാലും വലിയവിശേഷമുണ്ടാകുമെന്നു എനിക്കഭിപ്രായവുമില്ല. ഞാൻ തന്നെ അദ്ദേഹത്തെ നേരിട്ടുകണ്ടു ചിലസംഗതികൾ പറഞ്ഞിട്ടുണ്ടായിരുന്നു. അതൊന്നും ശരിയായിപ്രയോജനപ്പെടാതെയാണു പോയതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതൊക്കെ ഇതുപോലെയുള്ള സംഗതികളായിരുന്നൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : അതെ.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): മെമ്പർ പറഞ്ഞതുകായ്യം സാധിക്കാത്തതിനു തക്കതായകാരണം വല്ലതുമുണ്ടായിരുന്നൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : അദ്ദേഹം അതിനെപ്പറ്റി അന്വേഷണമൊന്നും നടത്തിയില്ല.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): അന്വേഷണം നടത്തിയൊ ഇല്ലയൊ എന്നുമെമ്പർക്കു നേരിട്ടറിയാമൊ?

MR. K. P. KOCHUKORA TARAKAN (*Kunnathnad*): നേരിട്ടറിയാം.

ഉദ്യോഗനിയമനവിഷയത്തിലും വലിയ അനീതിയാണു നടക്കുന്നതു്. അദ്ദേഹത്തിന്റെ സ്വജാതിയിൽപെട്ട ൨൫ പേരേ നിയമിച്ചിട്ടുണ്ടു്. റോമൻകാത്തലിക്കായിട്ടു ൩പേരെയുള്ളു. മഹമ്മദീയർ ആരും തന്നെയില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): മഹമ്മദീയരുണ്ടു്. ഈഴവരിൽ ആരുമില്ല.

MR. K. P. KOCHU KORA TARAKAN (*Kunnatnad*) : മഹമ്മദീയർ നാലുപേരുണ്ടു്.

MR. P. VISVANATHA AYIAR (*Secretary to Government*): സാനിട്ടറി കമ്മിഷണർ ഏതുസമുദായത്തിൽ പെട്ടയാളാണു്?

MR. K. P. KOCHU KORA TARAKAN (*Kunnathnad*): മാർത്തോമ സമുദായത്തിൽപെട്ടയാളാണു്.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): അദ്ദേഹം ആംഗ്ലിക്കൻ സമുദായത്തിൽപെട്ടയാളല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHU KORA TARAKAN (*Kunnatnad*): അതെ. ഞാൻ പറഞ്ഞതു പിശകാണ്. മാർത്തോമാ സമുദായത്തിൽനിന്നുമാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) മാർത്തോമാ മി: കൊച്ചീപ്പൻ മാപ്പിളയുടെ സമുദായമല്ലെ?

MR. K. P. KOCHU KORA TARAKAN (*Kunnathnad*): മി. കൊച്ചീപ്പൻ മാപ്പിള ഏതു സമുദായത്തിൽപെട്ടയാളാണെന്നു എനിക്കു നല്ല നിശ്ചയമില്ല. മദ്ധ്യതിരുവിതാംകൂറിലെ സ്ഥിതിക്കു മാപ്പിളമാർതന്നെ ഏതു സമുദായത്തിൽപെട്ടവരാണെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതെന്താണ്?

MR. K. P. KOCHU KORA TARAKAN (*Kunnathnad*): അച്ഛൻ മാർത്തോമാ ആയിരിക്കും, മകൻ ജേക്കബായിറ്റായിരിക്കും. ഒരു കുടുംബത്തിൽതന്നെ പലജനക്കാരുമുള്ള മാപ്പിളകുടുംബങ്ങൾ മദ്ധ്യതിരുവിതാംകൂറിലുണ്ട്. വടക്കൻ തിരുവിതാംകൂറിൽ സാധാരണപിതാവിന്റെ മതംതന്നെ തുടർന്നുകൊണ്ടുപോവുകയെയുള്ളു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അപ്പോൾ മി: കൊച്ചീപ്പൻമാപ്പിള ഏതുസമുദായത്തിൽപെട്ടയാളെന്നറിഞ്ഞുകൂടെ?

MR. K. P. KOCHU KORA TARAKAN (*Kunnatnad*) : പ്രയാസമാണ്.

[*Messrs. K. P. Kochukora Tarakan K. 1 Kocheeppan Mappillai and Tariatu Kunjitomman began speaking simultaniously.*]

PRESIDENT. The members should not all talk together, please.

MR. A. THANU PILLAI (*Trivandrum*): അപ്പോൾ ഈ പറഞ്ഞ ഇനക്കാരെയെല്ലാംചേർത്തു ഒരു വർഗ്ഗമായിട്ടു കരുതിയാൽ മതി അല്ലെ?

MR. K. P. KOCHU KORA TARAKAN (*Kunnatnad*) : അതു് അവനവന്റെ ഇഷ്ടംപോലെ കരുതാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അപ്പോൾ മദ്ധ്യതിരുവിതാംകൂറിൽ ഇങ്ങനെ മുറയ്ക്കു മതംമാറുന്നുണ്ടൊ?

MR. K. P. KOCHUKORA TARAKAN (*Kunnathnad*): മാറുന്നതിനു ഒരു വിഷമവുമില്ല.

ഞാൻ മുമ്പുപറഞ്ഞതുപോലെ വാക്സിനേറ്റർമാർ ശരിയായിജോലിചെയ്യുന്നില്ല. കുന്നത്തുനാട്ടു താലൂക്കിൽ പെരുമ്പാവൂരിൽ വിളക്കുവയ്ക്കണമെന്നു ഫ്രാഞ്ചൈസിലെ പ്രജാസഭയിൽ ഞാൻതന്നെ നിവേദനം

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചു. അന്നു അതിനെപ്പറ്റി ആലോചിക്കാമെന്നു മറുപടിപറഞ്ഞുവെങ്കിലും ഇതുവരേയും വിളക്കുവച്ചിട്ടില്ല. അതുപോലെതന്നെ പെരുമ്പാവൂരിനോടപ്പം പ്രാധാന്യമുള്ള ഇടപ്പള്ളി, പുത്തൻകുരിശു ഈ രണ്ടു സ്ഥലങ്ങളെയും ഒരു മൈനർ കൺസർവെൻസി ടൌണാക്കണമെന്നു അപേക്ഷകൊടുത്തിട്ടുണ്ട്. ഇതുവരെയുംഅതിനെപ്പറ്റി യാതൊരന്വേഷണവും നടത്തികാണുന്നില്ല; അല്ലെങ്കിൽ സാനിട്ടറികമ്മിഷണർ ഈ പ്രദേശങ്ങളിലൊക്കെ ചുറ്റിസഞ്ചരിക്കയല്ലാതെ ഇതിലേക്കു ഒരു നിവൃത്തിമാർഗ്ഗവും ചെയ്യുതന്നിട്ടില്ല. മി: കൊച്ചീപ്പൻ മാപ്പിള . . . . .

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): ഞാൻ ഈ നിയമസഭയിൽ ഏതു സമുദായത്തെയാണു് പ്രതിനിധീകരിക്കുന്നതെന്നറിയാമൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) :അറിഞ്ഞുകൂടാ.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): ഞാൻ കച്ചവട പ്രതിനിധിയാണൊ? മഹമ്മദീയരുടെ പ്രതിനിധിയാണൊ?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : അതൊന്നും എനിക്കറിഞ്ഞുകൂടാ. ഗവണ്മെൻറു നാമനിർദ്ദേശംചെയ്തിട്ടുള്ള ഏതാനും അംഗങ്ങളിൽ ഒരാളാണെന്നു മാത്രം അറിയാം.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): ഏതു സമുദായത്തെ പ്രതിനിധീകരിക്കാനാണ് എന്നെ നാമനിർദ്ദേശം ചെയ്തിരിക്കുന്നതു്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*) : ഏതു് സമുദായത്തെ പ്രതിനിധീകരിക്കുന്നു എന്നു എനിക്കു ധൈര്യമായി പറയുവാൻ നിവൃത്തിയില്ലെന്നാണല്ലൊ ഞാൻ മുമ്പു പറഞ്ഞതു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*) : ഇടപ്പള്ളിയിൽ കൺസർവെൻസി സ്റ്റേഷൻഇല്ലെന്നാണൊ മെമ്പർ പറയുന്നതു്?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഉണ്ടെങ്കിൽ അതിന്റെ അതിർത്തി വളരെ പരിമിതമാണു്;ആവശ്യമുള്ള സ്ഥലംവരെ അതിർത്തി നീട്ടിയിട്ടില്ല.

MR. R. NILAKANTA PILLAI (*Financial Secretary to Government*): അപ്പോൾ അവിടെ ഒരു കൺസർവെൻസിസ്റ്റേഷൻ ഉണ്ടെന്നുള്ളതു് മെമ്പർ സമ്മതിക്കുന്നുണ്ടു്.

MR. K. P. KOCHUKORA TARAKAN (*Kunnathnad*): ഉണ്ടെങ്കിൽ അതിന്റെ അതിത്തി വർദ്ധിപ്പിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. R. NILAKANTA PILLAI (*Financial Secretray to Government*): അടുത്തയാണ്ടത്തെ ബഡ്ജറിൽ അതിലേക്കു പ്രൊവിഷനുണ്ടെന്നറിയാമൊ?

MR. K. P. KOCHUKORA TARAKAN (*Kunnathnad*): അടുത്തയാണ്ടത്തെ ബഡ്ജറിൽ പ്രൊവിഷൻ ഉണ്ടൊ ഇല്ലയൊ എന്നുള്ളതല്ല എന്റെ വാദം. നാലുകൊല്ലത്തിനുമുമ്പു പറഞ്ഞസംഗതിയാണ് അടുത്തകൊല്ലത്തെ ബഡ്ജറിൽ പ്രൊവൈഡ്ചെയ്തിട്ടുള്ളതു്. ഇനി അതുചാസ്സാക്കികളയുകയില്ല എന്ന് എങ്ങനെ നിശ്ചയിക്കാം?

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതു ഇതവരെ ഉണ്ടാകാത്ത ഒരു കാര്യമാണൊ?

MR. K. P. KOCHUKORA TARAKAN (*Kunnathnad*): അല്ല. നേര്യമംഗലം-പള്ളിവാശൽറോഡിൽ നേരിയമംഗലത്തു ഒരു പാലത്തിന് ഇതിനുമുമ്പുതന്നെ പ്രൊവിഷനുണ്ടായിരുന്നു. അതുനടന്നില്ല. ട്രാഫിക്ക് ഇൻസ്പെക്ടർമാരുടെ നിയമനത്തെസംബന്ധിച്ച് കഴിഞ്ഞകൊല്ലത്തെ ബഡ്ജറിൽ പ്രൊവിഷനുണ്ടായിരുന്നു. അതും നടന്നില്ല. ഇങ്ങനെ ബഡ്ജറിൽ പ്രൊവൈഡ് ചെയ്യുന്നതുകൊണ്ടു വല്ലപ്രയോജനവുമുണ്ടൊ?

PRESIDENT: Your time is up.

MR. A. NARAYANA PILLAI (*Vaikam*): സർ, ഒരു പ്രത്യേകദൃഷ്ടാന്തം ചൂണ്ടിക്കാണിക്കുന്നതിനായി ഞാൻ മി. കുഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വാക്സിനേറ്റർമാർജോലി ശരിയായി നടത്തുന്നില്ലെന്നുള്ളതിനെ സംബന്ധിച്ചു എന്റെ അനുഭവത്തിലുള്ള ഒരു ദൃഷ്ടാന്തം എനിക്കു പറയുവാനുണ്ട്. വയ്ക്കത്തുനിന്നും ഏതാനും മൈൽ അകലെയായി ചെമ്പിൽ എന്നസ്ഥലത്തു ഒരു വാക്സിനേറ്ററുണ്ട്. അയാളുടെജോലി ചെമ്പിലാണെങ്കിലും സ്ഥിരതാമസം വയ്ക്കത്താണ്. അയാഠം വൈയ്ക്കത്തു ഒരു മെഡിക്കൽ പ്രാക്ടീഷണരുടെ ജോലിക്കൂടി നടത്തുന്നുണ്ട്. ഇയാഠം ഇയാളുടെ ജോലി നിർവഹിക്കുന്നതിന്റെ രഹസ്യം മനസ്സിലാകുന്നില്ല. ഇതിനെസംബന്ധിച്ചു പല പരാതിഹർജികളും സാനിട്ടറികമ്മിഷണക്കു പോയിട്ടുണ്ടെങ്കിലും അദ്ദേഹം ഇതുവരെയായിട്ടും അതിനൊരു പരിഹാരം ഉണ്ടാക്കിയതായി കാണുന്നില്ല. വയ്ക്കത്തുസ്ഥിരതാമസം വച്ചുകൊണ്ടു ഒരു മെഡിക്കൽ പ്രാക്ടീഷണറായിട്ടു ചികിൽസനടത്തി ജനങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ഒരാഠം അയാളുടെ സ്ഥിരതാമസസ്ഥലത്തുനിന്നും ആറുമൈൽ അകലെയുള്ള ജോലിസ്ഥലത്തു് അയാഠം സ്ഥിരമായി താമസിക്കേണ്ടസ്ഥലത്തു് ഈ വാക്സിനഷന്റെ എങ്ങനെനടത്തും, ഏതു വിധത്തിൽ കണക്കുകൊടുക്കും,

LIBRARY ARCHIVES Kerala Legislative Assembly

എന്നും മറ്റുമുള്ള സംഗതി ആലോചിക്കേണ്ടതാണ്. സാനിട്ടറി ഡിപ്പാർട്ടുമെൻറും വാക്സിനേഷനും ആവശ്യമാണെങ്കിലും ഈ മാതിരി ഭരണം നടത്തിക്കൊണ്ടുപോകുന്ന പക്ഷം വാക്സിനേറ്ററൊ സാനിട്ടറിഡിപ്പാർട്ടുമെൻറൊ ആവശ്യമില്ല. ആവശ്യമുള്ളവർക്ക് ആവശ്യമില്ലാത്തതുചെയ്യുക എന്നുള്ളതാണ് ഇവിടത്തെ പതിവു. സാനിട്ടറിഡിപ്പാർട്ടുമെൻറിനെ കൂടുതൽ പ്രയോജനകരമാക്കിത്തീർക്കേണ്ടതാണ് ആവശ്യം. ഇപ്പോൾ അതിൻെറ ഭരണം ശരിയായിനടത്തുന്നില്ലെന്നുള്ളതിനു ഒരു ദൃഷ്ടാന്തം പൗണ്ടികാണിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. K. KUNJUKRISHNA PILLAI (*Quilon*): I wish to add a few words. I do not at all wish to touch upon, nor should I be understood as giving support to, that side of the question which Mr. Kunjitomman has proposed, namely with regard to appointments. With regard to the inefficiency of the department in the matter of vaccination and other matters. I too have a very serious complaint. I want to point out that, and to give my support to that aspect of the motion. Quilon, as you know Sir, has been under the scourge of small-pox this year. I know from my experience that all the statisties supplied to Government and furnished by them, with regard to death, is wrong. I am emboldened to assert that, and I can prove that by merely asking any officer of Government to go and count the number in the cemeteries.

MR. P. VISVANATHA AIYAR (*Secretary to Government*) : Is not Quilon a municipal town?

MR. K KUNJUKRISHNA PILLAI (*Quilon*) : Yes; but I represent the Quilon taluk as well; and I am speaking of the taluk out side the municipality. It is in the rural parts of Quilon that small-pox was virulent this year, Everybody knows—and I have known it myself that vaccination in those parts has been thoroughly neglected. There has been criminal negligence with regard to the preventive work for which this Department is primarily intended. That aspect of the matter cannot but be brought to the serious attention of Government. It has not been looked into. If you just go about and enquire in the rural parts of Quilon for instance in Kollurvila where the disease was raging rampant among the Mahomedans and a number of deaths occurred, you would see that no serious attempt was made to check the disease by proper vaccination, by proper attention or by proper advice. Because of the cruel and callous negligence shown during the time of this terrible disease in Quilon, I associate myself with that aspect of the question that has been stressed by Mr. Kunjitomman and leave myself free with regard to other aspect.

PRESIDENT : The House will now adjourn until tomorrow when further discussion of this Demand will be carried on for one hour.

The Council adjourned at 5.17 P-M.

A. KUMARA PILLAI,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly